ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ

136 [1484] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും, ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ പ്രവർത്തികൾക്കും ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) & (ബി) കെട്ടിട വിഭാഗത്തിൽ താഴെപ്പറയുന്ന 19 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

(i) ഇടുക്കി കളക്ടറേറ്റിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം—ബി ബ്ലോക്ക്.

(ii) പൈനാവിൽ ഫയർ സ്റ്റേഷൻ മന്ദിരം (ഒന്നാം ഘട്ടം).

(iii) തൊടുപുഴയിൽ പി.ഡബ്ല്യു.ഡി. കോംപ്ലക്സ് നിർമ്മാണം.

(iv) കട്ടപ്പന ഗവ. കോളേജിനുവേണ്ടിയുള്ള കെട്ടിടം.

(v) പീരുമേട്, പെരിയാർ വില്ലേജിൽ കുമളി ഗവ. പോളിടെക്നിക്ക് മന്ദിര നിർമ്മാണം.

(vi) ഇടുക്കി എഞ്ചിനീയറിംഗ് കോളേജ് നിർമ്മാണം.

(vii) പാമ്പൂരിൽ ഫാമിലി വെൽഫയർ സെന്ററിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം.

(viii) മുളപ്പുറം ഫാമിലി വെൽഫയർ സെൻറർ മന്ദിരം.

(ix) കരിമണ്ണൂരിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള പ്രീ മെട്രിക് ഹോസ്റ്റൽ മന്ദിരം.

(x) തൊടുപുഴ മണക്കാട് ആൺകുട്ടികൾക്കുവേണ്ടിയുള്ള പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

(xi) പൈനാവിൽ ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളിനുവേണ്ടിയുള്ള മന്ദിര നിർമ്മാണം.

(xii) ബോഡിമേട്ട് സെയിൽസ്ടാക്സ് ആഫീസ് മന്ദിരം.

(xiii) കട്ടപ്പന അയ്യപ്പൻകോവിലിൽ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് സെയിൽസ്ടാക്സ് ഓഫീസിനുവേണ്ടിയുള്ള കമ്പാർട്ടേഴ്സ് മന്ദിരം.

(xiv) രാജാക്കാട് അഗ്രിക്കൾച്ചർ ഇൻകംടാക്സ് ആഫീസ് മന്ദിരം.

(xv) കട്ടപ്പന സബ്ട്രഷറിക്കുവേണ്ടിയുള്ള മന്ദിരം.

(xvi) രാജകുമാരിയിൽ സബ്ട്രഷറി ഓഫീസേഴ്സ് കമ്പാർട്ടേഴ്സ് മന്ദിരം.

LIBRARY ARCHIVES Kerala Legislative Assembly

(xvii) ഇടുക്കി ഗവ. എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി വർക്ക് ഷോപ്പ് മന്ദിര നിർമ്മാണം.

(xviii) ഇടുക്കി ഗവ. എഞ്ചിനീയറിംഗ് കോളേജിന് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള മന്ദിരം.

(xix) മൂന്നാറിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിനുവേണ്ടിയുള്ള രണ്ടാംഘട്ട മന്ദിര നിർമ്മാണം.

മേൽ പ്രസ്താവിച്ച പണികളിൽ 12 മുതൽ 19 വരെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 11 പണികൾ പൂർത്തീകരിക്കാനുണ്ട്.

റോഡുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു:

പൂർത്തിയാക്കിയ പണികൾ

(1) ഗ്ലെൻമേരി റോഡ് 0/0 മുതൽ 8/600 വരെ	..	ബില്ലായിട്ടില്ല
(2) കരിമ്പൻ ചാലി സിറ്റി—വെട്ടിക്കാമറ്റം റോഡ് മൂന്നാർ റീച്ച് കി. മീ. 8/0 മുതൽ 10/500 വരെ	..	ബില്ലായിട്ടില്ല
(3) രാജാക്കാട് ചക്കുളത്തിമേട് റോഡ് 2/600 മുതൽ 5/375 വരെ	..	ബില്ലായിട്ടില്ല
(4) ഇടുക്കി നാലുമുക്ക് റോഡ് (വഴി) പാണ്ടിപ്പാറ നാലാം റീച്ച് 15/0 മുതൽ 17/990 വരെ	..	ബില്ലായിട്ടില്ല
(5) കാൽവരി മൗണ്ട് തങ്കമണി റോഡ് 0/0 മുതൽ 3/600 വരെ	..	ബില്ലായിട്ടില്ല
(6) എൽക്കുന്ന് പോത്തുപാറ റോഡ് 0/0 മുതൽ 2/0 വരെ	..	11
(7) ആലപ്പുഴ—മധുര സ്റ്റേറ്റ് ഹൈവേയിൽ പെരിയാർ മുതൽ പാറസിറ്റി വരെയുള്ള ഭാഗത്തെ 0/0 മുതൽ 0/800 വരെ	..	95.64
(8) ആലപ്പുഴ—മധുര സ്റ്റേറ്റ് ഹൈവേയിൽ മുരിക്കാശ്ശേരി മുതൽ മേലേ ചിന്നാർ വരെയുള്ള 2/500 മുതൽ 12/500 വരെ	..	303.36
(9) ആലപ്പുഴ—മധുര സ്റ്റേറ്റ് ഹൈവേയിൽ മുരിക്കാശ്ശേരി മുതൽ മേലേ ചിന്നാർ വരെയുള്ള 0/500 മുതൽ 2/500 വരെ	..	19.88
(10) കുമരകം—കമ്പം സ്റ്റേറ്റ് ഹൈവേയിൽ 16-ാം കണ്ടം തോപ്രാംകുടി പ്രകാശ് റോഡ് ഒന്നാം റീച്ച് 0/0 മുതൽ 2/500 വരെ	..	81.36
(11) കുഞ്ചിത്തണ്ണി—ഭജനപ്പാറ റോഡിലെ കുഞ്ചിത്തണ്ണിപ്പാലം	..	78.25

പൂർത്തീകരിക്കാനുള്ള പണികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരങ്ങളും അനുബന്ധവും ഒന്നിലും റോഡുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങളും അനുബന്ധം രണ്ടിലും ചേർക്കുന്നു.

(ഡി) ലഭ്യമാക്കുന്നതാണ്.

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ള പ്രവൃത്തികളും

137 [1485] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് കഴിഞ്ഞ സാമ്പത്തിക വർഷവും, ഈ സാമ്പത്തിക വർഷവും ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദേശിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടില്ലെങ്കിൽ അത് നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ബി) ദേശീയ പാതാ വിഭാഗത്തിൽ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനില്ല. കെട്ടിട വിഭാഗത്തിലേയും റോഡു വിഭാഗത്തിലേയും പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.

(സി) ഇതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പുനരുദ്ധാരണ പണികൾ

138 [1486] ശ്രീ എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ 2005 മേയ് വരെ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണ പണികൾക്കായി എന്തു തുക ചെലവഴിച്ചു; ഏതൊക്കെ റോഡുകൾക്ക്, എത്ര രൂപാ വീതം എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഇനി ഭരണാനുമതി കിട്ടിയ എത്ര വർക്കുകൾ ചെയ്യാനുണ്ട്; ടെക്നിക്കൽ സാംഗ്ഷൻ കിട്ടേണ്ട വർക്കുകൾ ഏതൊക്കെയാണ്; ഇത് എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും മരാമത്ത് റോഡുകൾ പുനരുദ്ധരിക്കുന്നതിന് പുതുതായി നിർദ്ദേശം നിലവിൽ ഉണ്ടോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly